പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .6570 — 21.11.2019-ൽ മറുപടിക്ക്

കൃഷിയോഗ്യമായ പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>,, റോജി എം. ജോൺ<br>,, വി.ടി.ബൽറാം<br>,, എ.പി. അനിൽ കുമാർ | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി KSREC എന്ന സ്ഥാപനവുമായി ചേർന്ന് കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 10 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിയ്ക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 813 എണ്ണത്തിന്റെ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 56 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 21 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 12 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. 30.05.2017-ലെ സ.ഉ(പി) 34/2017/റവന്യൂ (എസ്.ആർ.ഒ 301/2017) നമ്പർ വിജ്ഞാപന പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തപ്പെട്ട ഭൂമിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപമുള്ള പക്ഷം പുന:പരിശോധന അപേക്ഷ സമർപ്പിക്കുന്നതിനും 2008-ലെ നിയമപ്രകാരം നിർവ്വചനം ചെയ്തിട്ടുള്ള നെൽവയൽ, തണ്ണീർത്തടം എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് 2008-ലെ |

| | | | |
|---|---|---|---|
| | | | നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12.08.2008-ന മുമ്പും ശേഷവുമുള്ള ഉപഗ്രഹ ചിത്രങ്ങളുടെയും നേരിട്ടുള്ള സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനമെടുത്ത് ഡേറ്റാബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി അവ കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ പ്രാദേശിക തല നിരീക്ഷണ സമിതികൾ പൂർത്തിയാക്കി വരുന്നു. |
| (ബി) | നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് വ്യാപകമായ സാഹചര്യത്തിൽ ഇത് തടയുവാൻ താലൂക്ക് തലത്തിൽ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നെൽവയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിലേക്കാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ, തഹസിൽദാർ, വില്ലേജാഫീസർ എന്നിവർക്ക് കർശന നിർദ്ദേശം നൽകുകയും, ടി പ്രവർത്തികൾ തടയുന്നതിലേക്കായി താലൂക്ക് തല സ്ക്വാഡുകൾ പ്രവർത്തിച്ച വരുന്നുമാണ്. കൂടാതെ അനധികൃത പരിവർത്തന പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തുന്ന വാഹനങ്ങൾക്കെതിരെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 സെക്ഷൻ 20 പ്രകാരമുള്ള നടപടികളും, സെക്ഷൻ 13 പ്രകാരം നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. നെൽവയൽ പരിവർത്തനപ്പെടുത്തൽ തടയുന്നതിനായി ഫലപ്രദമായ നടപടികൾ കൃഷിവകുപ്പ് മുഖേനയും സ്വീകരിച്ച വരുന്നു. |
| (സി) | വെള്ളിത്തിരി ചുണ്ടേൽ വില്ലേജിലെ ചതുപ്പും നീരുറവയും ഉള്ള നിലത്തിൽ ഫ്ലാറ്റ് നിർമ്മിച്ചതിനാൽ ഭൂമി പഴയ സ്ഥിതിയിലാക്കണമെന്ന് മാനന്തവാടി സബ് കളക്ടർ ഉത്തരവ് നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇപ്രകാരം ഭൂമി പഴയ സ്ഥിതിയിലാക്കുമ്പോൾ അവിടെ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റ് പൊളിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മാനന്തവാടി സബ് കളക്ടറുടെ ഉത്തരവിനെതിരെ ഭൂഉടമകൾ ബഹു.കേരള ഹൈക്കോടതിയിൽ WP(C) 39005/2018 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു.കോടതി കേരള ഭൂവിനിയോഗ ഉത്തരവിന് വിധേയമായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ച് ഉത്തരവാകുകയും കക്ഷികൾ അപ്രകാരം അപ്പീൽ ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത അപ്പീൽ |

അപേക്ഷയിൽ റീസർവ്വേ രേഖകളിലെ അപാകതകൾ പരിഹരിച്ച ശേഷം പുതുക്കിയ നടപടിക്രമം പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് മാനന്തവാടി സബ് കളക്ടർക്ക് റിമാൻഡ് ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി നടപടികൾ പൂർത്തിയായ ശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**